PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Thursday the 27th February 1964

Vol. XVIII] **OFFICIAL REPORT** **[No. 14**

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Thursday the 27th February 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

Mr. Speaker: Questions and Answers. Question No. 1 Shri C. K. Balakrishnan.

ടി. ടി. സി. പരീക്ഷയ്ക്കു തിരഞ്ഞെടുക്കപ്പെട്ടവർ

* 417. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961-62, 1962-63, 1963-64 എന്നീ സ്കൂൾവർഷങ്ങളിൽ സംസ്ഥാനത്തൊട്ടാകെ ടി. ടി. സി. പരീക്ഷയ്ക്കു തിരഞ്ഞെടുക്കപ്പെട്ടവരെത്ര ;

(ബി) ഇതിനു് ഗവണ്മെന്റു് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡമെന്തു് ;

(സി) ടി. ടി. സി. സ്കൂളുകളിലേക്കു് സംവരണ വ്യവസ്ഥകൾ പാലിക്കണമെന്നു് കാണിച്ചു് എന്തെങ്കിലും നിർദ്ദേശം ഗവണ്മെന്റു് നൽകിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ വർഷങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗങ്ങളിൽനിന്നു് എത്ര അപേക്ഷകരുണ്ടായിരുന്നു; അതിൽ എത്രപേരെ തിരഞ്ഞെടുത്തു ; ആരെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കെ. ഇ. ആർ. ചാപ്റ്റർ 29-ൽ 9-ം, 10-ം റൂളുകളിൽ ഇതിനു മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടു്.

(സി) കെ. ഈ. ആറിൽ 9-ം, 10-ം ക്ലാസുകളിൽ ഇതിനു വ്യവസ്ഥയുണ്ടു്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : പ്രൈവറ്റു് സ്കൂളുകളിൽ നിന്നും, ഗവണ്മെൻറു് സ്കൂളുകളിൽനിന്നും, പുറമേനിന്നും ടി. ടി. സി. ട്രെയിനിംഗിനു് ആളുകളെ തിരഞ്ഞെടുക്കുന്നുണ്ടു്. അങ്ങനെ തിരഞ്ഞെടുക്കുന്നതിൽ വല്ല അനുപാതവും ഉണ്ടോ ? ഉണ്ടെങ്കിൽ അതിനു വല്ല തോതും നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : തോതു നിശ്ചയിച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : എന്താണു് ആ തോതു് ?

ശ്രീ. ആർ. ശങ്കർ : നേരത്തെ ഉണ്ടായിരുന്ന തോതിൽ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടു്. അതിന്റെ ശരിയായ വിവരം ഇപ്പോൾ എന്റെ കൈവശമില്ല. അതു പിന്നീടു് പറയാം. സാധാരണ സ്കൂളുകളിൽ നിന്നല്ലാതെ ട്രെയിനിംഗിനു മുട്ടുമുവന്നിരുന്നവരുടെ എണ്ണം കുറഞ്ഞിരുന്നു. അതിൽ ഭേദഗതിവരുത്തി ആ അനുപാതം വർദ്ധിപ്പിച്ചിട്ടുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള : അദ്ധ്യാപകരെ ട്രെയിനിംഗിനു ഡപ്യൂട്ടു ചെയ്യാനുള്ള അധികാരം ഉപയോഗിച്ചു് കുറെ അദ്ധ്യാപകരെ എടുക്കുന്നുണ്ടു്. ഗ്രാഡുവേറ്റു് ടീച്ചേഴ്സിനെ സംബന്ധിച്ചിടത്തോളം അതു 20 ശതമാനമായി വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ടി. ടി. സി. സ്കൂളുള്ള തിരഞ്ഞെടുപ്പു സംബന്ധിച്ചും അങ്ങനെ ഒരു വ്യവസ്ഥ വല്ലുമോ ?

ശ്രീ. ആർ. ശങ്കർ : സ്കൂളുകളിൽനിന്നു് സെലക്ടു് ചെയ്യുന്നതിനും അങ്ങനെ ഒരു ശതമാനം വച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : ഒരു സ്കൂളിലിരിക്കുമ്പോൾ ഒരദ്ധ്യാപകനെ ട്രെയിനിംഗിനു എടുത്തു കഴിഞ്ഞാൽ ആ അദ്ധ്യാപകൻ ട്രെയിനിംഗു് കഴിഞ്ഞു വരുമ്പോൾ ഏതു സ്കൂളിലാണു് ജോലി ചെയ്യേണ്ടിവരുന്നതെന്നു ഇപ്പോൾ നിശ്ചയമില്ലാത്ത അവസ്ഥയാണുള്ളതു്. അതുകൊണ്ടു് അവർ ഏതു് സ്കൂളിൽ ഇരിക്കുമ്പോൾ സെലക്ടു് ചെയ്യുമോ, ആ സ്കൂളിൽതന്നെ ട്രെയിനിംഗു് കഴിഞ്ഞു വന്നാലും ജോലി ചെയ്യുവാൻ സൗകര്യം ലഭിക്കുമാറു് നടപടി എടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അവിടെ ആ അദ്ധ്യാപകന്റെ വേക്കൻസി തുടർന്നില്ലാതെ വരുകയാണെങ്കിൽ, അങ്ങനെ സൗകര്യമുണ്ടാക്കുന്നതു് ബുദ്ധിമുട്ടാണു്.

ശ്രീ. പി. സി. ആദിച്ചൻ : സംവരണവ്യവസ്ഥ പാലിക്കുവാൻ ഗവണ്മെൻറിൽനിന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ആ നിർദ്ദേശമെന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : പബ്ലിക്സർവ്വീസിൽ ഉള്ളതുപോലെയുള്ള വ്യവസ്ഥ ഇതിലും വച്ചിട്ടുണ്ടു്.

ശ്രീ. കെ. കൃഷ്ണൻ : 1953-നു മുൻപു ജോലിയിലിരുന്ന അദ്ധ്യാപകർക്കും ട്രെയിനിംഗിനു എടുക്കുമ്പോൾ സ്റ്റൈപ്പൻറു് കൊടുക്കുന്നുണ്ടു് അതുപോലെ ട്രെയിനിംഗിനു എടുക്കുന്ന എല്ലാ അദ്ധ്യാപകർക്കും സ്റ്റൈപ്പൻറു് കൊടുക്കുവാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : മുൻപു സർവ്വീസിൽ ഇരുന്ന അദ്ധ്യാപകർക്കു് സ്റ്റൈപ്പൻറു് കൊടുക്കുന്നുണ്ടു്. പുതിയ ആളുകൾക്കു് അതു കൊടുക്കുന്നില്ല.

ശ്രീ. ഓ. കോരൻ : ഹരിജനങ്ങളിൽനിന്നു് അൺട്രെയിൻഡു് ആയിട്ടുള്ള ആളുകളെ അദ്ധ്യാപകരായി നിയമിക്കുന്നതിനെ സംബന്ധിച്ച വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഹരിജനങ്ങളിൽനിന്നു ടെയിനിംഗ് ഉള്ള ആളുകളെ കിട്ടാതെ വരുന്നസന്ദർഭത്തിൽ അൺടെയിൻഡ് ഹാൻഡ്സിനെ എടുക്കാറുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ടെയിനിംഗിനു എടുക്കുന്നവരിൽ മലബാർ ഭാഗത്തു നിന്നെടുക്കുന്ന അദ്ധ്യാപകർക്ക് സ്റ്റൈപ്പൻറ് കൊടുക്കുന്നില്ലെന്നറിയാമോ ? അവർക്ക് കൂടി അതു കൊടുക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ഇതിൽ മലബാർ ഭാഗമെന്ന ഒരു വിവേചനം അല്ലാ ഉള്ളതു്. ഒരു നിശ്ചിതകാലത്തിനു മുൻപുള്ള ആളുകൾക്ക് സ്റ്റൈപ്പൻറ് കൊടുക്കുമെന്നും, അതിനുശേഷമുള്ള ആളുകൾക്ക് സ്റ്റൈപ്പൻറ കൊടുക്കുകയില്ലെന്നും വ്യവസ്ഥയുണ്ട്. അനുസരിച്ച് ചെയ്യുകയാണു്.

ശ്രീ. കെ. ഹസ്സൻ ഗനി : ഒരാളെ ടെയിനിംഗിനെടുത്തു കഴിഞ്ഞാൽ അയാൾ ടെയിനിംഗ് കഴിഞ്ഞുവരുമ്പോൾ അയാളുടെ നിയമനംപുതിയതായി നിശ്ചയിക്കുകയാണു് ചെയ്യുന്നതു്. അതു ചെയ്യാതെ ടെയിനിംഗിനു പോയ കാലത്തു് ഇരുന്നിരുന്ന തസ്തികയിൽതന്നെ അയാൾക്ക് തുടരുവാൻ അനുവാദം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ അനുവാദം കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട് ഒരാളെ ടെയിനിംഗിനു എടുത്തുകഴിഞ്ഞാൽ ആ വേക്കൻസി ചിലപ്പോൾ ഇല്ലാതെവരും. ചിലപ്പോൾ അതു് പെർമനൻറ് സ്വീസായിരിക്കുകയില്ലാ അതുകൊണ്ടാണു് ഇങ്ങനെ വരുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : പ്രൈവറ്റ് സ്കൂളുകളിൽനിന്നു് അദ്ധ്യാപകന്മാരെ ടെയിനിംഗിനു അയയ്ക്കുന്നുണ്ട്. ടെയിനിംഗിനു അയക്കുന്ന വകയ്ക്ക് 1000 രൂപാ ടെയിനിംഗ് കഴിഞ്ഞുവന്നാൽ പിന്നെ അവിടെ ഇരിക്കുന്നതിനു് 2000 രൂപാ ഇങ്ങനെയൊക്കെ കൊടുക്കുന്ന സമ്പ്രദായമുണ്ട്, ഈ വക അപഹാസ്യതകളും ഇല്ലാതാക്കുന്നതിനു് ഏതു് സ്കൂളിൽനിന്നു ഒരാളെ ടെയിനിംഗിനു് തിരഞ്ഞെടുത്തു അയച്ചുവോ, ആ സ്കൂളിൽതന്നെ ടെയിനിംഗ് കഴിഞ്ഞു വരുമ്പോൾ അയാൾക്ക് ജോലി കൊടുക്കുന്നതിനു് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ടെയിനിംഗിനു് എടുക്കുന്നതിനു് ഇത്ര രൂപാ വീതം വാങ്ങുന്നുവെന്നും, അതുകഴിഞ്ഞു ജോലിയിലിരിക്കുന്നതിനു് ഇത്ര രൂപാവാങ്ങുന്നുവെന്നും ഗവണ്മെൻറിനു ഔദ്യോഗികമായി അറിഞ്ഞുകൂടാ. ഇങ്ങനെയുള്ള സമ്പ്രദായം നിലവിലുണ്ടെന്നുള്ളതിനെ സംബന്ധിച്ച വലിയ പരാതിയുണ്ട്. അതുകൊണ്ടു് ടെയിനിംഗിനു എടുത്തിട്ടുള്ള ആളുകളെ അവർ ടെയിനിംഗ് കഴിഞ്ഞുവരുമ്പോൾ ആ സ്കൂളിൽതന്നെ നിയമിക്കണമെന്നാണു് ഗവണ്മെൻറിൻറെ ഉദ്ദേശം. ചിലപ്പോൾ ടെയിനിംഗിനു എടുക്കുന്ന സമയത്തു് ഉണ്ടായിരുന്ന വേക്കൻസി തുടർന്നു പോകാൻ നിവൃത്തിയില്ലാത്ത വിധത്തിലുള്ളതായിരിക്കും. അങ്ങനെ വരുമ്പോൾ ആ സ്ഥാനത്തു് അവരെ നിയമിക്കുന്നതിനു് ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൻറെ ആദ്യത്തെ പടിയെന്ന നിലയ്ക്കു ടി. ടി. സി. യുടെ നിലവാരം ഉയർത്തുവാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഗവണ്മെൻറിനു ആലോചനയുണ്ട്. എല്ലാ വിഷയത്തിലും കൂടി നാല്പതു ശതമാനം മാർക്കുള്ളവരെ മാത്രമെ ടി. ടി. സി. യ്ക്കു തിരഞ്ഞെടുക്കുവാൻ പാടുള്ളുവെന്നു നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ടി. ടി. സി.—യ്ക്കു് തിരഞ്ഞെടുക്കപ്പെട്ടവർ പരീക്ഷയ്ക്കു പോയാൽ ടെയിനിംഗിനു തിരഞ്ഞെടുത്ത സമയത്തു് അവർ ഇരുന്നിരുന്ന തസ്തികയിൽ അവരെ വീണ്ടും നിയമിക്കാമെന്ന മുൻപു ഒരു വ്യവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ ടി. ടി. സി. യുടെ റിസൽറ്റുവരുന്നതു് ജൂൺ, ജൂലൈ മാസം കഴിഞ്ഞിട്ടാണു്. അതുകൊണ്ടു് അവർക്ക് ഒരു കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. പുതിയതായി അവരെ നിയമിക്കുന്നതു കൊണ്ടുള്ള ബുദ്ധിമുട്ടു് ഇല്ലാതാക്കുവാനായി ആ പഴയ സമ്പ്രദായത്തിൽതന്നെ പോകുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ: ടി. ടി. സി. പാസ്സായിരിക്കണം എന്ന സമ്പ്രദായം സ്വീകരിച്ചതിനുശേഷം ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ പഴയ നിലയിലേയ്ക്കു് മടങ്ങിപോകുവാൻ പ്രയാസമാണു്.

ഇവാലുവേഷൻ കമ്മിറ്റി റിപ്പോർട്ടു്.

* 418. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ആകെ എത്ര ശുപാർശകളുണ്ടായിരുന്നു;

(ബി) ഇതിൽ ഗവണ്മെൻറു അംഗീകരിച്ചവ എത്ര;

(സി) അംഗീകരിക്കാത്ത ശുപാർശകൾ ഏതെല്ലാം;

(ഡി) ഗവണ്മെൻറു അംഗീകരിച്ച ശുപാർശകളിൽ എത്രയെണ്ണം നടപ്പിലാക്കി;

(ഇ) അവ ഏതെല്ലാം?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 187.

(ബി) 137.

(സി) 38 എണ്ണം.

റിപ്പോർട്ടും അതിലെ ശുപാർശകളിന്മേൽ ഗവണ്മെൻറു് എടുത്ത തീരുമാനവും അടങ്ങിയ പ്രസിദ്ധീകരണം മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

(ഡി,ഇ) അംഗീകരിച്ച ശുപാർശകളിന്മേലുള്ള ഗവണ്മെൻറു് ഉത്തരവുകളും എല്ലാം തന്നെ നടപ്പിലായിക്കൊണ്ടിരിക്കുകയാണു്. അവ വിവിധഘട്ടങ്ങളിലിരിക്കുന്നതേയുള്ളു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: നടപ്പിലാക്കാത്ത ശുപാർശകളും ഏതെല്ലാമാണു്? എന്തുകൊണ്ടാണു് അവ നടപ്പിലാക്കാത്തതു്?

ശ്രീ. കെ. കുഞ്ഞമ്പു: നടപ്പിലാക്കാത്ത ശുപാർശകളും 38 എണ്ണമാണെന്നു ഇവിടെ പറഞ്ഞിട്ടുണ്ടു്. സാമ്പത്തികമായ ഗവണ്മെൻറിൻറെ ബുദ്ധിമുട്ടുകൊണ്ടാണു് അതു നടപ്പിലാക്കാത്തതു്.

ശ്രീ. കെ. ആർ. വിജയൻ: അഞ്ചു അംഗങ്ങളുള്ള പബ്ലിക്കു് സർവ്വീസു കമ്മീഷനിൽ ഒരംഗം പട്ടികജാതിയിൽ നിന്നായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു ശക്തിയായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. അതു് ഗവണ്മെൻറു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഹരിജനങ്ങളിൽനിന്നു ഒരാളെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ അംഗമായി എടുക്കണമെന്നു ശക്തിയായി ശുപാർശ ചെയ്തിട്ടുണ്ടു്.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly